(ഇ) വനഭൂമിയുടെ പലഭാഗത്തും കയ്യേറ്റങ്ങൾ ഉണ്ട്. അവിടവിടെയായി ഏലക്കൃഷിയും കാണുന്നുണ്ട്. തോട്ടമെന്ന നിലയിൽ കൃഷിയോ ആനുതാമസമോ ഇല്ല.

(എഫ്) മാങ്കുളം ഭൂമി മുഴുവനും കയ്യേറ്റക്കാരെ ഒഴിവാക്കി തിരിച്ചെടുത്ത് കൃഷിയുക്ത ഭൂമി തിരഞ്ഞെടുക്കപ്പെട്ട ഭൂരഹിതർക്കും ബാക്കി ഭൂമി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഗവൺമെൻറു വകുപ്പുകൾക്കോ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കോ ഏൽപ്പിച്ചുകൊടുക്കുന്നതാണ്.

കുടികിടപ്പുകാർക്ക് ഭവനനിർമ്മാണപദ്ധതി

23 [40] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടികിടപ്പുകാർക്കുള്ള ഭവനനിർമ്മാണപദ്ധതി അനുസരിച്ച് ഇതുവരെ എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്;

(ബി) അവ എവിടെയെല്ലാം;

(സി) ഈ പദ്ധതി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 31-8-1979-വരെ ലഭിച്ചിട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളുടെ കണക്കനുസരിച്ച് 211 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) കൊല്ലം താലൂക്കിൽ.

(സി) സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായത്തിന്റെ ലഭ്യതയനുസരിച്ച് മറ്റു താലൂക്കുകളിലേക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ട്.

ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും വീടു പണിയുന്നതിന് വായ്പ

24 [41] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും വീടുകൾ പണിയുന്നതിന് എന്തെങ്കിലും വായ്പാ പദ്ധതി സംസ്ഥാന ഫിനാൻഷ്യൽ എൻറർപ്രൈസസ് ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) ഇപ്രകാരം എത്ര ആളുകൾക്ക് വീടു വയ്ക്കുന്നതിനുള്ള വായ്പകൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly